ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഇത് കുറച്ച് പ്രായോഗിക ബുദ്ധിമുട്ടുള്ള ഒരു വിഷയമാണ്. എങ്കിലും ഗവൺമെന്റ് അത് അനുഭാവപൂർവ്വമാണ് പരിശോധിക്കുന്നത്. കോഴിക്കോട് നഗരത്തിൽ തറവാടു വീടുകളിൽ ഒരുമിച്ച് താമസിക്കുന്ന വ്യത്യസ്ത കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. നിലവിൽ സ്വന്തം പേരിൽ റേഷൻ കാർഡ് ഇല്ലാത്തതോ അഥവാ മറ്റെങ്കിലും റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തതോ ആയ വ്യക്തികൾക്കും കുടുംബങ്ങൾക്കുമാണ് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത്. സാധാരണഗതിയിൽ പ്രത്യേകം വീടുകളിൽ താമസിക്കുന്നവർക്കാണ് റേഷൻകാർഡിന് അർഹതയുള്ളത്. ഒരു കുടുംബത്തിന് ഒരു റേഷൻകാർഡ് മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഒരു കൂരയ്ക്കു കീഴിൽ പ്രത്യേകം അടുക്കളയിൽ ഭക്ഷണം പാകം ചെയ്തു കഴിയുന്നവരെ പ്രത്യേകം കുടുംബമായി കണക്കാക്കി പ്രത്യേകം റേഷൻ കാർഡ് അനുവദിക്കുന്നതിന് കേരള റേഷനിംഗ് ഉത്തരവിലെ ഖണ്ഡിക 2 (11) പ്രകാരം തടസ്സമില്ല. അതിനാൽ ഇപ്രകാരം തറവാട് വീടുകളിൽ താമസിക്കുന്ന വ്യത്യസ്ത കുടുംബങ്ങൾക്ക് കേരള റേഷനിംഗ് ഉത്തരവിലെ ഖണ്ഡിക 8-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം അന്വേഷണ വിധേയമായി റേഷൻ കാർഡ് അനുവദിച്ചു നൽകുന്നതായിരിക്കും.

(10) ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ നഷ്ടപരിഹാരം

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ മാസം കാലം തെറ്റി വന്ന കാലവർഷം സംസ്ഥാനത്തുടനീളവും പ്രത്യേകിച്ച് മലയോര പ്രദേശങ്ങളിൽ നിരവധി നാശനഷ്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്റെ നിയോജക മണ്ഡലത്തിൽ മാത്രം 20 സ്ഥലങ്ങളിലാണ് ഉരുൾ പൊട്ടിയത്. ജില്ലാകളക്ടറും ഞാനും പല സ്ഥലങ്ങളിലും ചെന്നപ്പോൾ കടന്നു ചെല്ലാൻ കഴിയാത്തവിധം റോഡുകൾ പൂർണ്ണമായും ഒലിച്ചു പോയിരിക്കുകയാണ്. 856 അപേക്ഷകളാണ് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് ഉരുൾപൊട്ടിയ സ്ഥലങ്ങളിൽനിന്ന് മാത്രം കിട്ടിയത്. പതിനഞ്ചു കോടിയോളം രൂപയുടെ നഷ്ടം എന്റെ നിയോജക മണ്ഡലത്തിൽ മാത്രം വിവിധ സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തുടനീളം പത്ത് നിയോജക മണ്ഡലങ്ങളിലാണ് വ്യാപകമായിട്ടുള്ള നാശനഷ്ടം ഉരുൾ പൊട്ടലിനെത്തുടർന്ന് ഉണ്ടായിരിക്കുന്നത്. ഏകദേശം നൂറ് കോടിയോളം രൂപയുടെ നഷ്ടമാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണമെന്നും ധനസഹായം നൽകാൻ ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ പ്രകൃതിക്ഷോഭംമൂലം ഈ വർഷം സംസ്ഥാനത്ത് 940.5 കിലോമീറ്റർ ഗ്രാമീണ റോഡുകൾ തകർന്നിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റോഡിന് പുറമേ ഗ്രാമീണ റോഡുകളും തകർന്നതിന്റെ കണക്ക് ഇനിയും കൂടി വരികയാണ്. പല സ്ഥലത്തുനിന്നും റിപ്പോർട്ടുകൾ ഇപ്പോഴും വരുന്നുണ്ട്. പരിമിതമായ ഫണ്ടിൽ നിന്നുകൊണ്ട് മുഴുവൻ പരിഹാരം കാണാൻ കഴിയുന്നതല്ല. ഇത് കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഉരുൾ പൊട്ടിയ സ്ഥലങ്ങൾ, വലിയ തോതിൽ മണ്ണിടിഞ്ഞ സ്ഥലം, അപ്രതീക്ഷിതമായി വെള്ളപ്പൊക്കം ഉണ്ടായ സ്ഥലങ്ങൾക്കും ഒക്കെ പ്രത്യേകമായ ഫണ്ട് കൊടുക്കണമെന്നുള്ളതുകൊണ്ട് പത്ത് കോടി രൂപ കഴിഞ്ഞ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തന്ന കണക്കനുസരിച്ച് പത്തു-പന്ത്രണ്ട് സ്ഥലങ്ങളുണ്ട്. കിട്ടിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ പത്തു-നാൽപ്പത് കോടി രൂപ വേണം. പത്ത് കോടി രൂപയിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ ഉത്തരവ് കൊടുക്കാം. കേന്ദ്ര സംഘം ജനുവരി 10-ാം തീയതി വരും. 11, 12, 13 തീയതികളിലാണ് അവരുടെ സന്ദർശനം. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഈ പ്രത്യേകമായ സ്ഥലങ്ങളിൽ അവരുടെ കൂടെ ഉണ്ടാകണം. ഇക്കാര്യങ്ങൾ അവരെ നല്ലവണ്ണം ബോദ്ധ്യപ്പെടുത്തണം. കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. പത്ത് കോടി രൂപ വച്ച് വിവിധ മണ്ഡലങ്ങൾക്കായി ചെയ്യാൻ കഴിയുന്നതിന്റെ ഉത്തരവ് അടുത്ത ആഴ്ച തന്നെ ഇറക്കുന്നതാണ്.

(11) കീടനാശിനികളുടെ നിരോധനം

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u>: കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി സ്പ്രേ ചെയ്തതിലുണ്ടായ വിവിധ പ്രശ്നങ്ങളുടെ ഭാഗമായി ചില കീടനാശിനികളൊക്കെ ഒഴിവാക്കി കാസർഗോഡ് ജില്ലയെ ഒരു കീടനാശിനി വിമുക്ത ജില്ലയാക്കി മാറ്റുകയെന്നതിന്റെയടിസ്ഥാനത്തിൽ റെസ്റ്റ്, യെല്ലോ ലേബലുകളിലുള്ള കീടനാശിനികൾ ഉപയോഗിക്കേണ്ടതില്ല എന്ന നിർദ്ദേശമാണ് ഡിപ്പാർട്ടുമെന്റ് കൊടുത്തിട്ടുള്ളത്. ഈ ഗണത്തിൽപ്പെടുന്ന വളരെ പ്രധാനപ്പെട്ട ഒരു കീടനാശിനിയാണ് കോപ്പർസൾഫേറ്റ് അഥവാ തൂരിശ് എന്ന കീടനാശിനി. ജില്ലയിൽ കാർഷിക വിളകൾക്ക് പ്രത്യേകിച്ച് കവുങ്ങിന് വന്നുചേരുന്ന മാരകമായ രോഗങ്ങൾക്കെതിരായി കർഷകർ വ്യാപകമായി ഉപയോഗിക്കുന്ന ഒരു കീടനാശിനിയാണിത്. അത്ര വലിയ പാർശ്വഫലങ്ങൾ ഇല്ലാത്തതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമായ ഒരു കീടനാശിനിയാണിത് കോപ്പർ സൾഫേറ്റ് (തൂരിശ്) നിരോധിക്കുന്ന സാഹചര്യമുണ്ടായാൽ കേരളത്തിൽ ഏറ്റവുമധികം കവുങ്ങു കൃഷിയുള്ള ജില്ലയായ കാസർഗോഡ് ജില്ലയിലെ കവുങ്ങുകൃഷിയെ ഇത് വളരെ ദോഷകരമായി ബാധിക്കും. കവുങ്ങു കർഷകരും കാസർഗോഡ് ജില്ലയിലെ മുഴുവൻ കർഷക പ്രസ്ഥാനങ്ങളും ഈ കീടനാശിനിയുടെ നിരോധനം പാടില്ലെന്ന ആവശ്യം ഗവൺമെന്റിന്റെ മുൻപിൽ ഉന്നയിച്ചിട്ടുണ്ട്. ആ ഒരു സാഹചര്യത്തിൽ കോപ്പർ സൾഫേറ്റ് അഥവാ തൂരിശ് കവുങ്ങു കൃഷിക്കും മറ്റ് ചെറുകിട കാർഷിക വിളകൾക്കും ഉപയോഗിക്കാൻ ആവശ്യമായ അനുമതി നൽകണമെന്നാണ് എന്റെ സബ്മിഷൻ.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം കാസർഗോഡ് ജില്ലയിലെ മിക്കവാറും എല്ലാ കർഷക സംഘടനകളും നിവേദനമായി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എൻഡോസൾഫാന്റെ ഉപയോഗംമൂലം കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly